**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152</u>** **<u>12-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ട്രോളിംഗ് നിരോധന കാലയളവിൽ ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഇതര ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മെയ് മാസം നൽകേണ്ടതായ 1500/- രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്യുകയും ചെയ്തു വരുന്നു.<br><br>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC), ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂന പക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിയ്ക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി 2018-19 വർഷം മുതൽ പലിശ രഹിത വായ്പ മത്സ്യഫെഡ് വഴി നൽകി വരുന്നുണ്ട്. |
| (ബി) | 2024 ജൂൺ മാസം മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനം കുറ്റമറ്റതായി നടപ്പിലാക്കുന്നതിന് മത്സ്യബന്ധനവകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | 1980 ലെ കെ.എം.എഫ്.ആർ ആക്ട് വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരവും 2018 ലെ കെ.എം.എഫ്.ആർ ചട്ടം 4 പ്രകാരവും കേരളത്തിന്റെ മൊത്തം തീരപ്രദേശത്ത് 12 നോട്ടിക്കൽ മൈൽ വരെ |

യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളുടെ ബോട്ടം ട്രോൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം 2024 ജൂൺ 9 അർദ്ധ രാത്രി മുതൽ 2024 ജൂലൈ 31 അർദ്ധ രാത്രി വരെ 52 ദിവസക്കാലം നിരോധിച്ചുകൊണ്ട് 06-06-2024 ലെ സ.ഉ(പി) നം.2/2024/മഉവ വിജ്ഞാപന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 2024 ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായുള്ള നടപടികൾ തീരുമാനിയ്ക്കുന്നതിനായി 22-05-2024 ന് മന്ത്രിതലത്തിൽ യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകളുടെ സംസ്ഥാന നേതാക്കളും, തീരദേശ ജില്ലാ കളക്ടർമാരും, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും, ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നിവയുടെ ഉയർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ 2024 ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാവരെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മെയ് 15 മുതൽ പ്രവർത്തനം ആരംഭിക്കുകയും ട്രോൾ ബാൻ 2024 നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റേയും നേതൃത്വത്തിൽ തുടർച്ചയായി കടൽ പട്രോളിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024 ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾ ട്രോളിംഗ് നിരോധനം തുടങ്ങുന്നതിനു മുമ്പ് കേരളതീരം വിട്ടു പോകുന്നതിന് ബന്ധപ്പെട്ട തീരദേശ ജില്ലാ കളക്ടർമാർ എല്ലാ ജില്ലകളിലും നിർദ്ദേശം നൽകുകയും ആയതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ട്രോളിംഗ് നിരോധന കാലഘട്ടത്തിൽ നീണ്ടകര ഹാർബർ ഇൻബോർഡ് വള്ളങ്ങൾ ഒഴികെയുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ട്രോൾ ബാൻ 2024 മായി ബന്ധപ്പെട്ട് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും പ്രവർത്തിയ്ക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ

നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് അതാത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ തുറന്ന് പ്രവർത്തിയ്ക്കാൻ അനുവദിച്ചിട്ടുണ്ട്. കടൽ സുരക്ഷയുടെയും, തീര സുരക്ഷയുടെയും ഭാഗമായി കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികളും ആധാർ കാർഡ്, ലൈഫ് ജാക്കറ്റ് എന്നിവ കരുതണമെന്ന് നിഷ്കർഷിക്കുകയും ആയത് ഉറപ്പവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ ഈ ട്രോൾ ബാൻ കാലയളവിൽ തന്നെ അടിയന്തിരമായി കളർ കോഡിംഗ് നടത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം ലംഘിയ്ക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിന് തീരദേശ ജില്ലാ ഓഫീസർമാർക്കും മറൈൻ എൻഫോഴ്സ്മെന്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിയ്ക്കുകയുള്ളൂ എന്നും അക്കാര്യം മറൈൻ എൻഫോഴ്സ്മെന്റ് ഉറപ്പാക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതുകൂടാതെ ട്രോൾ ബാൻ 2024 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ട്രോൾ ബാൻ കാലയളവിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 88 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ സേനാംഗങ്ങളായി രക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിച്ചിട്ടുണ്ട്. ഇത് കൂടാതെ 15 പ്രധാനപ്പെട്ട ഹാർബറുകളിലായി 100 ലൈഫ് ഗാർഡുമാരെയും നിയമിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലായി 19 സ്വകാര്യ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും പ്രവർത്തിയ്ക്കുന്നുണ്ട്. മറൈൻ എൻഫോഴ്സ്മെൻറിന്റെ പ്രവർത്തനങ്ങൾക്ക് ട്രോൾ ബാൻ കാലയളവിൽ കൂടുതൽ പോലീസുകാരുടെ സേവനം ആവശ്യമായി വന്നാൽ ജില്ലാ ഫിഷറീസ് ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അത് അനുവദിച്ചു നൽകുന്നതിന് അതാത് ജില്ലാ പോലീസ് മേധാവികൾ

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവ ഏകോപനത്തോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ രക്ഷാ പ്രവർത്തനം നടത്താൻ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവരെ സജ്ജമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ